# ശരീഅത്തും ബഹുഭാര്യാത്വവും

■ *ശരീഅത്ത് നിയമം ക്രോഡീകരിച്ചത് ഏതു കാലത്താണ്? യുദ്ധാനന്തര കാലത്ത് വിധവകള്‍ കൂടിയതിനാലാണ് ബഹുഭാര്യാത്വം നാലു വരെ ആകാമെന്ന് നബി നിര്‍ദേശിച്ചതെന്നും അത് എക്കാലത്തേക്കും ബാധകമല്ല എന്നതിന് ഖുര്‍ആനിലെ 4:3ലെ വചനങ്ങള്‍ തെളിവാണെന്നും ചിലര്‍ വാദിക്കുന്നു. നീതി പുലര്‍ത്താന്‍ പറ്റുമെങ്കില്‍ മാത്രമേ ഒന്നില്‍ കൂടുതല്‍ ഭാര്യമാരെ സ്വീകരിക്കാവൂ എന്ന വചനവും ഭാര്യമാര്‍ക്കിടയില്‍ നീതിപുലര്‍ത്താന്‍ ആര്‍ക്കും ആവില്ലെന്ന് മറ്റൊരിടത്തും ഖുര്‍ആന്‍ വ്യക്തമാക്കിയ സ്ഥിതിക്ക്, ബഹുഭാര്യാത്വ നിയമം സ്വീകരിക്കാനര്‍ഹര്‍ ഇവിടെ ഉണ്ടാവുകയില്ലെന്ന ഖുര്‍ആന്റെ മുന്നറിയിപ്പ് കണക്കിലെടുത്ത് ബഹുഭാര്യാത്വം ശരീഅത്ത് നിയമത്തില്‍ അനുവദിക്കാന്‍ പാടില്ല എന്നാണ് മനസ്സിലാക്കേണ്ടതെന്ന വാദത്തോടുള്ള പ്രതികരണമെന്താണ്?*

***എം. റീന പെരുമ്പാവൂര്‍***

**ദൈ**വിക ഗ്രന്ഥമായ വിശുദ്ധ ഖുര്‍ആനും അതിന്റെ പ്രവാചക വിശദീകരണവും വ്യാഖ്യാനവുമായ സുന്നത്തുമാണ് ഇസ്‌ലാമിക നിയമസംഹിതയുടെ അഥവാ ശരീഅത്തിന്റെ അടിസ്ഥാന സ്രോതസ്സുകള്‍. ഖുര്‍ആന്‍ ഗ്രന്ഥരൂപത്തില്‍ (മുസ്ഹഫ്) ക്രോഡീകൃതമായത് പ്രവാചകന്റെ വിയോഗാനന്തരം ഇസ്‌ലാമിക സ്റ്റേറ്റിന്റെ ഖലീഫയായി സ്ഥാനമേറ്റ അബൂബക്കറിന്റെ കാലത്താണ്. ഖുര്‍ആന്‍ മനഃപാഠമാക്കിയ നൂറുകണക്കിന് പ്രവാചക ശിഷ്യന്മാരുടെ ഓര്‍മകളും പ്രവാചക നിര്‍ദേശ പ്രകാരം ഖുര്‍ആന്‍ സൂക്തങ്ങള്‍ വ്യവസ്ഥാപിതമായി രേഖപ്പെടുത്തിയിരുന്ന സൈദുബ്നു സാബിത്, അലി തുടങ്ങിയവരുടെ ലിഖിതങ്ങളും അടിസ്ഥാനമാക്കിയാണ് ഖുര്‍ആന്റെ ക്രോഡീകരണം നടന്നത്. അധ്യായങ്ങള്‍ പ്രവാചകന്‍ ജീവിച്ചിരുന്നപ്പോള്‍തന്നെ കൃത്യമായി വേര്‍തിരിക്കപ്പെട്ടിരുന്നു.

നബിവചനങ്ങളും നബിയുടെ പ്രവൃത്തികളും സമ്മതങ്ങളും ചേര്‍ന്നതാണ് സുന്നത്ത്. ഇവയില്‍ ചിലത് ശിഷ്യന്മാര്‍ രേഖപ്പെടുത്തിയിരുന്നു. ബാക്കി പരസ്പരം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു. എന്നാല്‍, പില്‍ക്കാലത്ത് പല കാരണങ്ങളാല്‍ വ്യാജ ഹദീസുകള്‍ പ്രചരിച്ചപ്പോള്‍ പ്രഗത്ഭരും ഗവേഷണകുതുകികളുമായ പണ്ഡിതന്മാര്‍ ഹദീസുകളിലെ ഒറിജിനലും വ്യാജനും വേര്‍തിരിച്ചു ക്രോഡീകരിച്ചു. ഹദീസ് ക്രോഡീകരിച്ചവരില്‍ പ്രഗത്ഭരാണ് ഇമാം മുഹമ്മദുബ്നു ഇസ്മാഈലുല്‍ ബുഖാരി (ഹിജ്റ 194-256), മുസ്‌ലിം ബിന്‍ അല്‍ ഹജ്ജാജിന്നൈസാബൂരി (ഹി. 204-261), അഹ്മദ് ബിന്‍ ശുഐബുന്നസാഈ (ഹി. 215-303), അബൂദാവൂദ് സുലൈമാന്‍ ബിന്‍ അല്‍ അശ്അഫ് (ഹി. 202-275), അബൂ ഈസാ മുഹമ്മദ് ബിന്‍ ഈസാ തിര്‍മിദി (ഹി. 209-270), മുഹമ്മദ് ബിന്‍ യസീദുബിന്‍ മാജ (ഹി. 207-273) തുടങ്ങിയവര്‍.

ഖുര്‍ആനിലും സുന്നത്തിലുമായി പരന്നുകിടന്ന നിയമങ്ങളെ വിഷയാധിഷ്ഠിത അധ്യായങ്ങളായി സ്വന്തം ഗവേഷണ പഠനങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തില്‍ ക്രോഡീകരിച്ചവരാണ് മദ്ഹബുകളുടെ ഉപജ്ഞാതാക്കളായി അറിയപ്പെടുന്ന അബൂഹനീഫ നുഅ്മാനുബിന്‍ സാബിത് (ഹി. 80-150), മാലികുബിന്‍ അനസ് (ഹി. 93-179), മുഹമ്മദുബിന്‍ ഇദ്‌രീസുശ്ശാഫിഈ (ഹി. 150-204), അഹ്മദുബിന്‍ ഹമ്പല്‍ അശ്ശൈബാനീ (ഹി. 164-241) തുടങ്ങിയവര്‍.

പില്‍ക്കാലത്ത് ഒട്ടുവളരെ പണ്ഡിതന്മാര്‍ മദ്ഹബുകളെ അടിസ്ഥാനപ്പെടുത്തിയും അല്ലാതെയും ഇസ്‌ലാമിക നിയമങ്ങളെ ക്രോഡീകരിക്കുകയും വ്യാഖ്യാനിക്കുകയും നൂതന പ്രശ്നങ്ങള്‍ക്ക് മൗലിക പ്രമാണങ്ങളുടെ വെളിച്ചത്തില്‍ പരിഹാരങ്ങള്‍ നിര്‍ദേശിക്കുകയും ചെയ്തിട്ടുണ്ട്. ബൃഹത്തായ ഈ സംഭാവനകളുടെ ആകത്തുകയാണ് ഫിഖ്ഹ് അഥവാ കര്‍മശാസ്ത്രം. ആരാധനാനുഷ്ഠാനങ്ങള്‍, വിവാഹം, വിവാഹമോചനം, മയ്യിത്ത് സംസ്കരണം, അനന്തരാവകാശം, വ്യാപാരം, ക്രിമിനല്‍ നിയമങ്ങള്‍, തെളിവുകള്‍, സാക്ഷികള്‍, കോടതി വിധികള്‍, യുദ്ധം, സന്ധി തുടങ്ങി ഏതാണ്ടെല്ലാ ജീവിത തുറകളുമായി ബന്ധപ്പെട്ട ഫിഖ്ഹിലെ വളരെ ലഘുവായ ഒരു വശം മാത്രമാണ് ബഹുഭാര്യാത്വം. അതും ത്വലാഖ്, അനന്തരാവകാശം, വസിയ്യത്ത്, വഖ്ഫ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ടതുമാണ് ശരീഅത്ത് എന്ന മഹാ അബദ്ധധാരണ വളര്‍ന്നത്, ബ്രിട്ടീഷിന്ത്യയില്‍ അവയുമായി ബന്ധപ്പെട്ട വ്യക്തിനിയമങ്ങള്‍ക്ക് മാത്രം നിയമസാധുത ലഭിച്ചത് മുതല്‍ക്കാണ്. ഖുര്‍ആനും സുന്നത്തും നിര്‍ദേശിക്കുന്ന അടിസ്ഥാന നിയമങ്ങള്‍ക്ക് കാലാനുസൃതമായ തിരുത്തുകളോ ഭേദഗതികളോ ആയിക്കൂടാ. നിയമങ്ങളുടെ പ്രയോഗവത്കരണത്തില്‍ കാലോചിത പരിഷ്കാരങ്ങള്‍ യോഗ്യരായ പണ്ഡിതന്മാര്‍ക്ക് നിര്‍ദേശിക്കാം. അതിനാണ് ഇജ്തിഹാദ്.

ഒന്നിലധികം ഭാര്യമാരെ സംരക്ഷിക്കാനും അവരോട് നീതി പുലര്‍ത്താനും സാധിക്കുന്ന പുരുഷന്മാര്‍ക്ക് ബഹുഭാര്യാത്വത്തിന് ഖുര്‍ആന്‍ അനുവാദം നല്‍കിയിരിക്കുന്നു (4:3). യുദ്ധകാല പരിസ്ഥിതികള്‍ക്ക് മാത്രം ബാധകമാകുന്ന നിയന്ത്രണമൊന്നും അതിന് ഖുര്‍ആനോ സുന്നത്തോ ഏര്‍പ്പെടുത്തിയിട്ടില്ല; നീതിനിഷ്ഠയില്ലാതെ തോന്നിയപോലെ കല്യാണം ചെയ്യാന്‍ സ്വാതന്ത്ര്യവും നല്‍കിയിട്ടില്ല. ഭാര്യമാര്‍ക്കിടയില്‍ നീതി പുലര്‍ത്താന്‍ ആര്‍ക്കും ആവില്ലെന്ന് പറഞ്ഞു ബഹുഭാര്യാത്വത്തെ വളഞ്ഞവ

ഴിക്ക് നിരോധിക്കാനൊന്നും ഖുർആൻ ഉദ്ദേശിച്ചിട്ടില്ല. പാടില്ലെങ്കിൽ പാടില്ലെന്നുതന്നെ വ്യക്തമാക്കാൻ അല്ലാഹുവിന് ആരെയാണ് പേടി? ഖുർആൻ സൂക്തം ഇങ്ങനെ: "നിങ്ങൾ അതിയായി ആഗ്രഹിച്ചാൽ പോലും സ്ത്രീകൾക്കിടയിൽ നീതിപാലിക്കാൻ നിങ്ങൾക്കാവില്ല. അതിനാൽ ഒരുവളിലേക്ക് മാത്രമായി നിങ്ങൾ അപ്പടി ചായുകയും മറ്റെവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കുകയും ചെയ്യരുത്. നിങ്ങൾ നന്മ ചെയ്യുകയും സൂക്ഷ്മത പുലർത്തുകയും ചെയ്താൽ നിശ്ചയമായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു" (4:129). ഇതിൽനിന്ന് കാര്യം വ്യക്തമാണ്. ഒന്നിലധികം ഭാര്യമാരുള്ളവർ അവർക്കിടയിൽ പരമാവധി നീതിപാലിക്കുകയും ആരിലേക്കും പൂർണമായി ചായ്‌വ് കാട്ടാതിരിക്കുകയും വേണം. സ്വാഭാവികമായി ഒരാളോടുണ്ടാകാവുന്ന ഇഷ്ടക്കൂടുതൽ മനുഷ്യസഹജമാണ്. അത് കുറ്റകരമായി കണ്ടുകൂടാ. പുരുഷന്മാർ ഒരേയൊരു ഭാര്യയെക്കൊണ്ട് തൃപ്തിയടഞ്ഞ ഒരു കാലഘട്ടവും ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടില്ല. ഇന്ന് ബഹുഭാര്യാത്വം നിയമവിധേയമല്ലാത്ത നാടുകളിലും സമുദായങ്ങളിലും അതുതന്നെയാണവസ്ഥ. അതിനാൽ ഭാര്യക്ക് പുറമെയുള്ള സ്ത്രീബന്ധം വിഹിതമാവണമോ അവിഹിതമായി തുടരണമോ എന്നേയുള്ളൂ പ്രശ്നം. ഏതു ബന്ധവും നിയന്ത്രിതവും നിയമാനുസൃതവും വിഹിതവുമാവണമെന്ന് കർശനമായ സദാചാരം നിഷ്കർഷിക്കുന്ന ഇസ്‌ലാം പറയുന്നു. അത് തിരുത്തേണ്ടത് ആവശ്യമോ ധാർമികതയോ അല്ല.

## പിന്നാക്കാവസ്ഥക്ക് കാരണം?

■ *മുതലാളിത്തവും അടിമ വ്യാപാരവും നിരോധിക്കാതെ പ്രമാണി വർഗത്തിന്റെ താൽപര്യം സംരക്ഷിക്കുന്ന ഇസ്‌ലാമിന് പലിശ നിരോധനവും മദ്യനിരോധനവുമല്ലാതെ മറ്റൊന്നും പറയാനില്ല. കാലത്തിനനുസരിച്ച് പുതിയ മതവിധികൾ കൊണ്ടുവരാൻ മതനേതാക്കൾക്ക് അവകാശമുണ്ടായിട്ടുപോലും സ്ത്രീകളെ അടിമകളും രണ്ടാംകിട പൗരയുമാക്കുന്ന സ്വത്തവകാശം, പർദ, ഇദ്ദ, ഇടക്കെട്ട്, ബഹുഭാര്യാത്വം, വെപ്പാട്ടി സമ്പ്രദായം എന്നിവയൊന്നും തിരുത്താൻ തയാറാകാത്ത മതനേതൃത്വം മുസ്‌ലിം സമുദായത്തെ തന്നെ നശിപ്പിക്കുകയും പിന്നാക്കാവസ്ഥക്ക് കാരണമാക്കുകയുമല്ലേ ചെയ്തത്?*

***വി. അശ്റഫ് പാറക്കടവ്***

**ഉ**ള്ളവൻ ഇല്ലാത്തവനെ ചൂഷണം ചെയ്യുന്നതും സമ്പാദിക്കാൻ അവിഹിതമാർഗങ്ങൾ സ്വീകരിക്കുന്നതും സമ്പാദ്യം സമൂഹത്തിനുപകരിക്കാതെ കെട്ടിപ്പൂട്ടി വെക്കുന്നതും ധൂർത്തിനും ദുർവ്യയത്തിനും ഉപയോഗിക്കുന്നതും ആവശ്യക്കാർക്ക് നൽകുന്ന വായ്പകൾക്ക് പലിശ ഈടാക്കുന്നതുമൊക്കെയാണ് മുതലാളിത്തമെങ്കിൽ അത് ഇസ്‌ലാമിലില്ല, ഇസ്‌ലാം അത് അനുവദിച്ചിട്ടുമില്ല. വിഹിതമായി സ്വത്ത് സമ്പാദിക്കുന്നതും സ്വകാര്യ ഉടമാവകാശവുമാണ് മുതലാളിത്തമെങ്കിൽ ഇസ്‌ലാം അത് വിലക്കിയിട്ടില്ല. കമ്യൂണിസം ഇസ്‌ലാമല്ല. അടിമകൾക്ക് സൽപെരുമാറ്റവും നീതിയും ഉറപ്പാക്കിയ ഇസ്‌ലാം ക്രമാനുഗതമായി അത് ഉന്മൂലനം ചെയ്തിട്ടുണ്ട്. അപ്രായോഗിക നിയമങ്ങൾ യുക്തിശൂന്യമായി അടിച്ചേൽപിച്ച് പരാജയം ക്ഷണിച്ചുവരുത്തുന്ന വ്യവസ്ഥയല്ല ഇസ്‌ലാമിന്റേത്.

സ്ത്രീകൾ ഒന്നാംകിട പൗരന്മാരും തുല്യനീതിക്ക് അർഹരുമാണ്. അവരുടെ പ്രകൃതിയോട് നീതി ചെയ്യുന്നതാണ് ഇസ്‌ലാമിക നിയമങ്ങൾ. പർദയും ഇദ്ദയും സ്ത്രീക്ക് മാന്യതയും സ്ത്രൈണതയും ഉറപ്പാക്കുന്ന നിയമങ്ങളാണ്. ഇടക്കെട്ട് എന്നൊരു ഏർപ്പാട് ഇസ്‌ലാമിലില്ല. ബഹുഭാര്യാത്വം സ്ത്രീ പീഡനമല്ല. പീഡനമാക്കിയാൽ പ്രതിവിധിയുണ്ട്. സ്ത്രീക്ക് വിവാഹം റദ്ദാക്കാം. വെപ്പാട്ടി സമ്പ്രദായം അടിമ സമ്പ്രദായത്തിന്റെ ഭാഗമായിരുന്നു. പടിപടിയായി അടിമത്തം ഇസ്‌ലാം ഇല്ലാതാക്കിയതോടെ വെപ്പാട്ടികളും ഇല്ലാതായി. പിന്നെയും തുടരുന്നവരുണ്ടെങ്കിൽ നിയമലംഘനമാണ്. അവർക്ക് വ്യഭിചാര കുറ്റത്തിനുള്ള ശിക്ഷയാണ് വിധി. മതനേതൃത്വം എന്ന ഒരു തസ്തിക ഇസ്‌ലാമിലില്ല. മതപണ്ഡിതന്മാരുണ്ട്. അവരുടെ അഭിപ്രായങ്ങൾ ശരിയും തെറ്റും നോക്കി സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം.

## പർദയുടെ പ്രസക്തി

■ *സ്ത്രീകൾ പർദയണിഞ്ഞ് നടക്കുന്നതുകൊണ്ടാണ് അവർ വഴിതെറ്റി പോകാത്തതെന്ന വാദം ശരിയാകണമെങ്കിൽ പർദ ധരിക്കാത്ത അമുസ്‌ലിം സ്ത്രീകളെല്ലാം വഴിതെറ്റി പോകണം. തൊഴിലില്ലായ്മയാണ് എല്ലാവരെയും അരാജകത്വത്തിലേക്ക് നയിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം. ജനാധിപത്യ മൂല്യങ്ങളും മാനവികതയും കർശനമായി സംരക്ഷിക്കപ്പെടുന്ന ഒരു സമൂഹത്തിൽ അരാജകത്വ ജീവിതങ്ങൾ നിയന്ത്രണവിധേയമാക്കാൻ കഴിയും. അതോടെ പർദയുടെ പ്രസക്തി പോലും നഷ്ടപ്പെടുന്നു. ഈയൊരു അവസ്ഥക്ക് വേണ്ടിയാണ് മതനേതാക്കൾ രംഗത്തിറങ്ങേണ്ടത് എന്ന ആശയത്തെക്കുറിച്ചുള്ള മുജീബിന്റെ പ്രതികരണമെന്താണ്?*

***ടി. ഫാസില ഫറോക്ക്***

**സ്**ത്രീകൾ വഴിതെറ്റിപ്പോവാതിരിക്കണമെങ്കിൽ അവർ കണിശമായ സദാചാര ധാർമിക മൂല്യങ്ങളിൽ വിശ്വസിക്കുകയും പരമാവധി ജീവിതത്തിൽ പകർത്തുകയും വേണം. അതിലൊന്ന് മാത്രമാണ് ശരീരസൗന്ദര്യം പ്രകടമാക്കാത്ത വേഷം. ഈ വേഷമാണ് ഹിജാബ് അഥവാ പർദ. പർദ എല്ലാ അപഥ സഞ്ചാരത്തിനുമുള്ള ഒറ്റമൂലിയല്ല. വേശ്യക്കും വേണമെങ്കിൽ പർദ ധരിക്കാം. പുരുഷന്മാരെ ഇക്കിളിപ്പെടുത്തുന്ന വേഷം ധരിച്ചു ചെത്തി നടക്കുമ്പോൾ സ്വാഭാവികമായും കൈയേറ്റങ്ങളുണ്ടാവും. അന്നേരം ഒച്ചവെച്ചിട്ടും സ്ത്രീ സ്വാതന്ത്ര്യം പ്രസംഗിച്ചിട്ടും എന്തു കാര്യം?

ജനാധിപത്യവും മാനവികതയും പൂർണമായി പുലരുന്ന ഒരു രാജ്യവും ഇന്ന് ഭൂമുഖത്തില്ല. ഉണ്ടെന്ന് അവകാശപ്പെടുന്ന നാടുകളിലാണ് സ്ത്രീ ഏറ്റവും അരക്ഷിത. ഇറാഖിലെ അമേരിക്കൻ സൈനികരിലെ വനിതകൾ ഏറ്റവും മോശമായ ഭീഷണി നേരിടുന്നത് ഭീകരരിൽനിന്നല്ല, സഹപ്രവർത്തകരായ പുരുഷന്മാരിൽനിന്നാണെന്ന് ആ രാജ്യത്തെ കോൺഗ്രസ്സംഗം തുറന്നടിച്ചത് ഓർമിക്കണം. ഇന്ത്യയിലെ മന്ത്രിമാരും ന്യായാധിപന്മാരും ഉദ്യോഗസ്ഥ പ്രമുഖരുമടക്കമുള്ളവരുടെ സ്വകാര്യ ജീവിതത്തെക്കുറിച്ചും അന്വേഷിച്ചു നോക്കണം. പെണ്ണ് അവിടെയും അരക്ഷിതയാണ്, മന്ത്രിമാരുടെ സ്റ്റാഫംഗമായാൽ പോലും. സുരക്ഷ പ്രദാനം ചെയ്യാൻ പർദ മാത്രം പോരാ. പർദ കൂടി ഇല്ലാതാക്കിയാൽ അത്രയളവിൽ അരക്ഷിതാവസ്ഥ വർധിക്കുമെന്ന് മാത്രം.

## സന്താന നിയന്ത്രണത്തിന്റെ ന്യായം

■ *ജനസംഖ്യാ വർധനവും അണുകുടുംബങ്ങളുടെ ആധിക്യവും കുടുംബങ്ങളുടെ താമസ സൗകര്യങ്ങൾക്ക് പ്രത്യേകിച്ച് കേരളത്തിൽ വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. പത്തോ പതിനഞ്ചോ സെന്റിൽ താമസിക്കുന്ന ഒരു കുടുംബം, സ്വത്ത് അനന്തരാവകാശികൾക്ക് ഭാഗിക്കുമ്പോൾ*

*കുടുംബാംഗങ്ങൾക്ക് ലഭിക്കുന്നതോ കഷ്ടിച്ച് നാലോ അഞ്ചോ സെന്റ് ഭൂമി. ഇതിൽ വേണം വീട് വെച്ച് താമസിക്കാൻ. ഭൂമി ഒരിക്കലും ഇരട്ടിക്കുന്നില്ലല്ലോ. തന്മൂലം പട്ടണങ്ങളിൽ കാണുന്ന ഫ്ളാറ്റ് സംസ്കാരം മെല്ലെ മെല്ലെ നാട്ടിൻ പുറങ്ങളിലേക്കും കയറിവരുന്നതായി കാണുന്നു. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്, സന്താനോൽപാദനത്തിന് നിയന്ത്രണമേർപ്പെടുത്തരുത് എന്നു പറയുന്ന ഇസ്‌ലാമിക സംസ്കാരം ഒരു പുനർവിചിന്തനം നടത്തേണ്ടതുണ്ട് എന്നല്ലേ?*

***കെ. അബ്ദുന്നാസർ തിരൂർ***

**ചെ**രിപ്പിനൊത്ത് കാൽ മുറിക്കുകയല്ല കാലിനൊത്ത് ചെരിപ്പ് മുറിക്കുകയാണ് പ്രതിവിധി. അണുകുടുംബം എന്ന സങ്കൽപം സുഖജീവിതത്തെക്കുറിച്ച കേവല ഭൗതിക ചിന്തയുടെ ഉൽപന്നമാണ്. കൂട്ടുകുടുംബ സങ്കൽപം വിചാരിച്ചാൽ പുനഃസ്ഥാപിക്കാവുന്നതേയുള്ളൂ. സാധ്യമല്ലെങ്കിൽ ഫ്ളാറ്റുകൾ മാത്രം തിന്മയായി കരുതുന്നതെന്തിന്? ഭൂമിയിൽ സ്ഥലം തികയില്ലെങ്കിൽ ആകാശത്ത് പാർക്കട്ടെ. മനുഷ്യബുദ്ധിയും സാങ്കേതിക പുരോഗതിയും ദൈവം തന്നതാണല്ലോ. ജനസംഖ്യാ വർധനവ് പ്രശ്നമൊന്നും സൃഷ്ടിക്കേണ്ടതല്ല. ഭൂമി ആവശ്യത്തിനു മാത്രമുണ്ട്. ഒരുവശത്ത് അനാവശ്യമായ കെട്ടിട നിർമാണത്തിനും വിനോദത്തിന്റെ മറവിലെ പേക്കൂത്തുകൾക്കും സംഹാരത്തിന് മാത്രമുതകുന്ന ആയുധ നിർമാണ മാലിന്യങ്ങൾ നിക്ഷേപിക്കാനും മറ്റുമായി ഭൂമി ദുർവിനിയോഗം ചെയ്യുന്നു; മറുവശത്ത് മഹാ കോടീശ്വരന്മാർ അനേകലക്ഷം ഹെക്ടർ ഭൂമി അനാവശ്യമായി കൈവശം വെക്കുന്നു. നീതിപൂർവമായ ഭൂവിതരണം നടക്കുന്നില്ല. മൂന്നാമതൊരു വശത്ത് അന്തകൻ വിത്തുകളിലൂടെയും രാസവളങ്ങളുടെ അനിയന്ത്രിത ഉപയോഗത്തിലൂടെയും മാരക കീടനാശിനികളിലൂടെയും അനേകമനേകം ഹെക്ടർ ഭൂമി ഉപയോഗശൂന്യമാകുന്നു. ഇതിനൊന്നും പ്രതിവിധി കാണാതെ തലമുറകളുടെ എണ്ണം കുറച്ച് മനുഷ്യകുല വർധനവ് തടയുന്നതിനോട് ഇസ്‌ലാമിക മനസ്സാക്ഷിക്ക് യോജിക്കാനാവില്ല. മക്കളുടെ എണ്ണം തീർച്ചപ്പെടുത്താനുള്ള ദമ്പതികളുടെ അവകാശം വേറെ. അത് ഒരു പ്രസ്ഥാനമാക്കേണ്ടതല്ല. ■